കേരള സർക്കാർ

<u>സംഗ്രഹം</u>

വ്യവസായ വകുപ്പ് - കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ - 60 ലക്ഷം രൂപയുടെ 'വർക്കിംഗ് ക്യാപിറ്റൽ ലോൺ' അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വ്യവസായ (കെ) വകുപ്പ്

സ.ഉ.(സാധാ) നം.900/2023/ID തീയതി,തിരുവനന്തപുരം, 05-09-2023

---

പരാമർശം:- കേരള സംസ്ഥാന ബാംബൂ കോർപ്പറേഷന്റെ 04.08.2023 -ലെ കെ.എസ്.ബി.സി/എം.ഡി/സപ്ലൈഇൻസെന്റീവ്/2022-23/2211 നമ്പർ കത്ത്.

## ഉത്തരവ്

കേരള സംസ്ഥാന ബാംബൂ കോർപ്പറേഷന് കീഴിലുള്ള ഈറ്റവെട്ട്- പനമ്പ് നെയ്ത്ത് തൊഴിലാളികൾ, മറ്റിതര ജീവനക്കാർ/തൊഴിലാളികൾ എന്നിവർക്ക് 2022-23 സാമ്പത്തിക വർഷത്തെ ഓണത്തോടനുബന്ധിച്ച് നൽകി വരുന്ന ബോണസ്/ഇൻസെന്റീവ് നൽകുന്നതിന് 60 ലക്ഷം രൂപ അനുവദിക്കണമെന്ന് പരാമർശ പ്രകാരം ബാംബൂ കോർപ്പറേഷൻ എം.ഡി അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ബാംബൂ കോർപ്പറേഷന് 'വർക്കിംഗ് ക്യാപിറ്റൽ ലോൺ' ആയി 60 ലക്ഷം രൂപ (അറുപത് ലക്ഷം രൂപ മാത്രം) "6851-00-190-86(P)" എന്ന ശീർഷകത്തിൽ ചുവടെ പറയുന്ന വ്യവസ്ഥകൾക്കും 27/05/2023 തീയതിയിലെ സ.ഉ.(സാധാ)നം.491/2023/ID -ൽ നിഷ്കർഷിച്ചിരിക്കുന്ന വ്യവസ്ഥകൾക്കും വിധേയമായി, അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. 16.04.2018 -ലെ സ.ഉ.(അച്ചടി)നം.62/2018/ധന, 11.06.2018 -ലെ സ.ഉ.(അച്ചടി) നം.88/2018/ധന, 03.07.2018-ലെ സ.ഉ.(അച്ചടി)നം.100/2018/ധന, സർക്കുലർ നം. 53/2018/ധന തീയതി 16.06.2018 എന്നിവയിലെ നിർദ്ദേശങ്ങൾ പാലിച്ച് ഫണ്ടുകൾ PSTSB അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതാണ്.
2. സർക്കുലർ നം.84/08/ധന തീയതി 09.12.2008, സർക്കുലർ നം.75/09/ധന തീയതി 29.08.2009 എന്നിവയിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.
3.ഫണ്ടുകളുടെ വിനിയോഗം സംബന്ധിച്ച സാമ്പത്തിക തത്വങ്ങളും നിയമങ്ങളും കൃത്യമായി പാലിക്കേണ്ടതാണ്.
4.അനുവദിച്ച പ്ലാൻ ഫണ്ടിന്റെ വിനിയോഗവും നിരീക്ഷണവും സംബന്ധിച്ച് 11.06.2018 -ലെ സ.ഉ.(അച്ചടി)നം.88/2018/ധന, 03.0.7.2018 -ലെ സ.ഉ.(അച്ചടി)നം.100/2018/ധന എന്നിവയിലെ മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്.
5. അനുവദിക്കുന്ന തുക 'വർക്കിംഗ് ക്യാപിറ്റൽ ലോൺ' ആയി കണക്കാക്കേണ്ടതാണ്.
6. വായ്പാ കാലാവധി 5 വർഷം ആയിരിക്കും.
7. വായ്പ എടുത്തതിന്റെ ഒന്നാം വാർഷികത്തിൽ വായ്പയുടെ തിരിച്ചടവ് ആരംഭിക്കും.
8. 16.05.2018 തീയതിയിലെ G.O(P)No.169/2018/ധന പ്രകാരം വായ്പയുടെ പലിശ നിരക്ക് പ്രതിവർഷം 9.5% ആയിരിക്കും.
9. വായ്പ പലിശ സഹിതം തുല്യ ത്രൈമാസ ഗഡുക്കളായി തിരിച്ചടയ്ക്കുകയും വ്യവസായ വാണിജ്യ ഡയറക്ടർ അത് നിരീക്ഷിക്കുകയും ചെയ്യേണ്ടതാണ്.
10. വീഴ്ച വരുത്തിയാൽ, പ്രതിവർഷം 2.50% പിഴപ്പലിശ സാധാരണ പലിശ നിരക്കിന് പുറമെ ഈടാക്കുന്നതായിരിക്കും.
11. തുക സർക്കാരിൽ നിന്നുള്ള വായ്പയായി കോർപ്പറേഷന്റെ അക്കൗണ്ടുകളിൽ കാണിക്കേണ്ടതാണ്.
12. മുതലിന്റെയും പലിശയുടെയും കൃത്യമായ തിരിച്ചടവ് നിശ്ചയിച്ചിട്ടുള്ളതിനാൽ നിർദ്ദേശിക്കപ്പെട്ട പലിശനിരക്കിൽ യാതൊരു സാഹചര്യത്തിലും വീണ്ടും നിരക്കിളവ് അനുവദിക്കുന്നതല്ല

13) മുൻപ് അനുവദിച്ച തുകയിൽ ചിലവഴിക്കാതെ ബാക്കി ഉണ്ടെങ്കിൽ അത് നിലവിലെ ഫണ്ടിൽ ക്രമീകരിച്ചു എന്ന് ഡ്രോയിംഗ് & ഡിസ്ബേഴ്സിംഗ് ഓഫീസർ ഉറപ്പ് വരുത്തേണ്ടതാണ്.

14. 27.04.2013 തീയതിയിലെ സർക്കുലർ നം.40/13/ധന -ൽ നിർദ്ദേശിച്ചിട്ടുള്ള എല്ലാ നടപടിക്രമങ്ങളും കൃത്യമായി പാലിക്കുന്നുണ്ടെന്ന് വ്യവസായ വാണിജ്യ ഡയറക്ടർ ഉറപ്പുവരുത്തേണ്ടതാണ്.

15. ഉപാധികളും നിബന്ധനകളും പാലിച്ച് നിശ്ചിത കാലയളവിനുള്ളിൽ വായ്പ തുക പലിശ സഹിതം കൃത്യമായി തിരിച്ചടക്കുന്നത് ഉറപ്പാക്കുന്നതിനുള്ള ശരിയായ സംവിധാനം വ്യവസായ വാണിജ്യ ഡയറക്ടർ വികസിപ്പിക്കേണ്ടതാണ്.

16. ലോൺ മോണിറ്ററിംഗ്, ഫണ്ട് മാനേജ്മെന്റ് എന്നിവയിൽ സ.ഉ.(അച്ചടി) നം.157/2021/ധന, തീയതി, 26.11.2021, സ.ഉ (അച്ചടി) 171/2021/ധന, തീയതി 18.12.2021 എന്നീ ഉത്തരവുകളിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

17. ഫണ്ട് റിലീസിനായി തുക സംബന്ധിച്ചുള്ള വിനിയോഗ സാക്ഷ്യ പത്രവും ചെലവിനെ സംബന്ധിച്ചുള്ള ഇനം തിരിച്ചുള്ള സാക്ഷ്യപത്രവും 09/01/2020 തീയതിയിലെ സ.ഉ.(അച്ചടി)നം.4/2020/ധന പ്രകാരം നിർദ്ദേശിച്ചിട്ടുള്ള നിശ്ചിത മാതൃകയിൽ സമർപ്പിക്കേണ്ടതാണ്.

3) വ്യവസായ വാണിജ്യ ഡയറക്ടർ/അഡിഷണൽ ഡയറക്ടർ പ്രസ്തുത തുക പിൻവലിച്ച് വിതരണം ചെയ്യേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അജിത് കുമാർ ഐ എ എസ്
സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ബാംബൂ കോർപ്പറേഷൻ ലിമിറ്റഡ്, എറണാകുളം
സെക്രട്ടറി, റിയാബ്, തിരുവനന്തപുരം
വ്യവസായ വാണിജ്യ ഡയറക്ടർ /അ ഡീ.ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ), തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കെ-ബിപ്, തിരുവനന്തപുരം
അണ്ടർ സെക്രട്ടറി & നോഡൽ ഓഫീസർ ((BMS)
ധനകാര്യ (GMC) വകുപ്പ്
ധനകാര്യ (PU-D) വകുപ്പ്
സ്റ്റോക്ക് ഫയൽ IND-K1/281/2023-IND

ഉത്തരവിൻ പ്രകാരം
Signed by
S Padmaja
Date: 05-09-2023 16:06:09